കേരള സർക്കാർ

# ചെമ്മരുതി ഗ്രാമപഞ്ചായത്ത്
# 2017-18 ഓഡിറ്റ് റിപ്പോർട്ട്

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം

e-mail : lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.7 /305 /2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി : 30.04.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

ചെമ്മരുതി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെമ്മരുതി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉ. പത്രം സഹിതം),

2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം,

3) കാര്യാലയ പകർപ്പ്, 4) സ്പെയർ.

നം.കെ.എസ്.എ .റ്റി.വി.എം/ജി.പി.7 /305/2019 തീയതി: 30.04.2019

## തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 31.03.2017 മുതൽ 11.02.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 63 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 60എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാജൻ ലാൽ.എസ്.ജെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.02.2019 മുതൽ 18.02.2019വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1. ശ്രീ. സനിൽ.എസ്,(ഹ.ഗ്രേ.) ഓഡിറ്റ് ഓഫീസർ |
| | 2.ശ്രീ. മനേഷ്.ബി.എച്ച്, ഓഡിറ്റ് ഓഫീസർ |
| | 3. ശ്രീമതി ലേഖ.എം.എൽ , സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | |
|---|---|
| | |
| | 4. ശ്രീ. സുജേഷ്.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | 5. ശ്രീ.ശരത്.ജെ.ശങ്കർ,ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. എ.എച്ച്.സലിം | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. കെ.പി.സുനിൽ കുമാർ | 1.04.2017 മുതൽ 31.08.2017 വരെ |
| | ശ്രീ. സുപിൻ.വി. | 01.09.2017 മുതൽ 31.03.2018വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.കെ.പി.സുനിൽ കുമാർ | 01.04.2017 മുതൽ 31.08.2017 വരെ |
| | ശ്രീ. സുപിൻ.വി. | 01.09.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ. കെ.ശശിധരൻ | 01.04.2017 മുതൽ 09.07.2017 വരെ |
| | ശ്രീമതി പ്രീതി.ആർ | 10.07.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ -എ) | ശ്രീ. പ്രവീൺ | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ -ബി) | ശ്രീ. ബിജു | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ഐ.സി.ഡി. എസ്. സൂപ്പർവൈസർ | ശ്രീമതി മുബീന | 01.04.2017മുതൽ 22.08.2017വരെ |
| | ശ്രീമതി അൽമാസ അഷറഫ് | 23.08.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ. അൻവർ അബ്ബാസ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | ഡോ. ഷീജാ രാജൻ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | ഡോ. സൗമ്യ ശശിധരൻ നായർ | 01.04.2017 മുതൽ 31.03.2018 വരെ |
| എച്ച്.എം, ഗവ.എൽ.പി.എസ് | ശ്രീമതി ഗീതാകുമാരി | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ഹസ്ന മോൾ | 01.04.2017 മുതൽ 03.10.2017 വരെ |
| | ശ്രീ. വിനരാജ്.ഡി | 04.10.2017 മുതൽ 31.03.2018 വരെ |
| വെറ്റിനറി സർജൻ | ശ്രീമതി അർച്ചന സത്യൻ | 01.04.2017 മുതൽ 31.03.2018 വരെ |
| അസി.സെക്രട്ടറി | ശ്രീ. ഗോപകുമാർ.കെ.ജി. | 01.04.2017 മുതൽ 31.07.2017 വരെ |
| | ശ്രീ. രാജേഷ്.ആർ | 01.08.2017 മുതൽ 01.03.2018 വരെ |

ഉള്ളടക്കം

| ക്രമ നമ്പർ | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | രസീത് ബുക്ക് പരിപാലിക്കുന്നതിലെ അപാകതകൾ | 2-1 |
| 14 | ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - അപാകങ്ങൾ | 2-2 |
| 15 | ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു | 2-3 |
| 16 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 2-4 |

| | | |
|---|---|---|
| | | |
| 17 | വളർത്തുനായകൾക്ക് ലൈസൻസ് നൽകുന്നില്ല | 2-5 |
| 18 | തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല | 2-6 |
| 19 | റേഷൻകടകൾ തൊഴിൽ നികുതി ഒടുക്കാതെ പ്രവർത്തിക്കുന്നു | 2-7 |
| 20 | കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-8 |
| 21 | മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയില്ല | 2-9 |
| 22 | ഇ - ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ് | 2-10 |
| | ഭാഗം 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 23 | പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല | 3-1 |
| 24 | കണ്ടിജന്റ് ചെലവുകൾക്കായി നൽകുന്ന മുൻകൂർതുക ക്രമീകരിക്കുന്നില്ല | 3-2 |
| 25 | ഓഫീസ് വാഹനം പരിപാലിക്കുന്നതിൽ അപാകത | 3-3 |
| 26 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (ജനറൽ) - ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിച്ചില്ല | 3-4 |
| 27 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിൽ വീഴ്ച | 3-5 |
| 28 | കാർഷിക മേഖലയിൽ മോണിറ്ററിംഗും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടലും അനിവാര്യം | 3-6 |
| 29 | സമഗ്രപച്ചക്കറി കൃഷി പ്രോജക്ട് രൂപീകരണത്തിലും നിർവ്വഹണത്തിലും അവ്യക്തത | 3-7 |
| 30 | ഗ്രോബാഗിൽ പച്ചക്കറി കൃഷി - മാർഗരേഖയ്ക്ക് വിരുദ്ധമായി ആനുകൂല്യ വിതരണം | 3-8 |

| | | |
|---|---|---|
| 31 | മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ - ഉപയോഗയോഗ്യമായ സാധനങ്ങൾ ലേലം ചെയ്യേണ്ടതാണ് | 3-9 |
| 32 | സ്പിൽ ഓവർ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല- സർക്കാർ ഉത്തരവ് പാലിക്കുന്നില്ല | 3-10 |
| 33 | RKMUPS റോഡിൽ നിർമ്മിച്ച ഐറിഷ് ഡ്രെയിൻ പൊളിച്ചുമാറ്റിയ നിലയിൽ | 3-11 |
| 34 | തൊഴിൽ രഹിത വേതനം - രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകത | 3-12 |
| 35 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - നിർവ്വഹണത്തിൽ പുരോഗതി കൈവരിക്കണം | 3-13 |
| 36 | അടങ്കൽ തുക പുനർനിർണയിച്ചു - നടപടിക്രമം പൂർണ്ണമായും പാലിച്ചില്ല | 3-14 |
| 37 | പദ്ധതികളുടെ നിർവ്വഹണം- ചെലവ് തുകയും പിൻവലിച്ച തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 3-15 |
| 38 | അനുപൂരക പോഷകാഹാര പദ്ധതി- നിശ്ചിത അനുപാതത്തിൽ കേന്ദ്ര വിഹിതം ചെലവഴിക്കുന്നില്ല | 3-16 |
| 39 | ആശുപത്രി വികസന സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല | 3-17 |
| 40 | കാലഹരണപ്പെട്ട മരുന്നുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തു | 3-18 |
| 41 | സാന്ത്വന ചികിത്സ- സർക്കാർ നിർദ്ദേശം പാലിച്ചില്ല | 3-19 |
| 42 | കുടിവെള്ള പമ്പ് സെറ്റ് സ്ഥാപിക്കൽ- രേഖകൾ ലഭ്യമാക്കിയില്ല | 3-20 |
| 43 | തുല്യതാ പരീക്ഷയ്ക്ക് ഫീസ് ഒടുക്കൽ- അനുബന്ധ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല | 3-21 |
| 44 | സ്കൂളുകളിൽ മിനി ലൈബ്രറി- കരാർ ചമച്ചില്ല | 3-22 |
| | ഭാഗം 4 | |
| 45 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 46 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 47 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 48 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 49 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 50 | ഓഡിറ്റ് റിക്കവറി | 4-6 |
| 51 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 52 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 53 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 54 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് 27-03-2017 ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 217777773/-രൂപയും പ്രതീക്ഷിത ചെലവ് 209883000/- രൂപയും നീക്കിയിരിപ്പ് 7894773/- രൂപയുമായിരുന്നു. എന്നാൽ റസീപ്റ്റ് ആന്റ് പേമെന്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെയുള്ള വരവ് 103582433/-രൂപയും ചെലവ് 91135270/- രൂപയും നീക്കിയിരിപ്പ് 12447163/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 13.06.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 26.06.2018 മുതൽ 27.06.2018 വരെ | കെ.എസ്.എ.ജി.പി.7/1486/2018 തീയതി 08.10.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 14152548 |
| വരവ് | 89429885 |
| ആകെ | 103582433 |
| ചെലവ് | 91135270 |
| നീക്കിയിരിപ്പ് | 12447163 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 21137661 | 21137661 | 21137661 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 17811759 | 17811759 | 17811759 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 12105927 | 12105927 | 12105927 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺറോഡ്) | 0 | 3372186 | 3372186 | 3372186 | 0 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8661604 | 8661604 | 8661604 | 0 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 1273109 | 1273109 | 1273109 | 0 |
| ബി-ഫണ്ട് | 0 | 197720 | 197720 | 197720 | 0 |

| | | | | | |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ. ജി.എസ്. | 13947.50 | 510808 | 524755.50 | 504635 | 20120.50 |
| SB തനത് ഫണ്ട് ഇ-പേയ്മെന്റ് | 0 | 7534 | 7534 | 0 | 7534 |
| സാക്ഷരത | 47671 | 0 | 47671 | 43282 | 4389 |
| തനത് ഫണ്ട് KGB | 1368951 | 1371476 | 2740427 | 0 | 2740427 |
| തനത് ഫണ്ട് CSCB | 6584484 | 10010639 | 16595123 | 6994373 | 9600750 |
| KGB BRC ഫണ്ട് | 200000 | 6991 | 206991 | 0 | 206991 |
| ജനറൽ പർപ്പസ് ഫണ്ട് | 5884074 | 11244000 | 17128074 | 16888493 | 9600750 |
| സംയുക്ത പ്രോജക്ട് | 0 | 1591300 | 1591300 | 2091100 | (-)499800 |
| ക്യാഷ് | 53421 | 127171 | 180592 | 53421 | 127171 |

## 1-6 പദ്ധതി അവലോകനം

2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന്റെ വിവിധ ഫണ്ടുകൾ വകയിരുത്തി 11നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർവ്വഹണ ചുമതലയിൽ 194 പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങിയിരുന്നു. എന്നാൽ ഇവയിൽ 21% പ്രോജക്ടുകൾ നടപ്പാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| i | കൃഷി ഓഫീസർ | 8 | 3060600 | 3 | 2754878 | 5 | 0 | 38 |
| ii | വെറ്റിനറി സർജൻ | 9 | 7725000 | 2 | 4183704 | 7 | 0 | 22 |
| iii | മെഡിക്കൽ ഓഫീസർ - PHC | 7 | 3390024 | 4 | 3368346 | 3 | 0 | 57 |
| iv | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 200000 | 1 | 200000 | 0 | 0 | 100 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| v | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 1 | 650000 | 1 | 650000 | 0 | 0 | 100 |
| vi | VEO | 14 | 17261355 | 8 | 15251689 | 5 | 1 | 57 |
| vii | ICDSസൂപ്പർവൈസർ | 11 | 4687500 | 1 | 4296950 | 10 | 0 | 9 |
| viii | സെക്രട്ടറി | 28 | 11490507 | 5 | 6716750 | 13 | 10 | 18 |
| ix | HM ഗവ. LPS | 15 | 4339808 | 8 | 3412185 | 5 | 2 | 53 |
| x | അസിസ്റ്റന്റ് എഞ്ചിനീയർ | 78 | 35187856 | 7 | 20907076 | 46 | 25 | 9 |
| xi | അസിസ്റ്റന്റ് സെക്രട്ടറി | 22 | 8681414 | 10 | 6420870 | 10 | 2 | 45 |
| | ആകെ | 194 | 96674064 | 50 | 68162448 | 104 | 40 | 26 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 13947.50 | 510808 | 524755.50 | 504635 | 20120.50 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 14986193 | 14986193 | 14986193 | 0 |
| ആകെ | 13947.50 | 15497001 | 15510948 | 15490828 | 20120.50 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 87720 | 147 |
| കർഷകതൊഴിലാളി പെൻഷൻ | 3363600 | 300 |
| വിധവാപെൻഷൻ | 16511200 | 1383 |
| വാർദ്ധക്യകാലപെൻഷൻ | 35198100 | 2795 |
| വികലാംഗപെൻഷൻ | 4650300 | 442 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 110000 | 4 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 269700 | 23 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.02.2019, 3.10 PM ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19,683രൂപയുടെ ക്യാഷ് ബാലൻസിന്റെ /നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1-10-1 ബജറ്റ് മാർഗ്ഗനിർദ്ദേശങ്ങൾ പൂർണമായും പാലിച്ചിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ ആവശ്യപ്പെടൽ | ഫെബ്രുവരി 28 ന് മുൻപ് | ലഭ്യമാക്കിയില്ല |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ഡിംസബർ 15, 2017 ന് മുൻപ് | ലഭ്യമാക്കിയില്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ<br>സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | ജനവരി 15 ന് മുൻപ് | വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി 17-03-2017 നും ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി 25-02-2017 നും യോഗം ചേർന്നു. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി 23-03-2017 ൽ മാത്രമാണ് യോഗം ചേർന്നത് |

| | | | |
|---|---|---|---|
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | ജനവരി 25 ന് മുൻപ് | 18-03-2017 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 1 ന് മുൻപ് | 06-06-2017 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | മാർച്ച് 1 ന് മുൻപ് | 23-03-2017 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7 ന് മുൻപ് | 27-03-2017 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 31 ന് മുൻപ് | 27-03-2017 |

1-10-2 അനിവാര്യ ചുമതലയ്ക്ക് ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 166 പട്ടിക 3 എ6 പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെടുന്നതാണ്. എന്നാൽ പഞ്ചായത്തിന്റെ കീഴിലുള്ള കൃഷി ഭവനിലും, സ്കൂളുകളിലും, ആശുപത്രികളിലും, വൃദ്ധസദനങ്ങളിലും, ആഡിറ്റോറിയങ്ങളിലും മാലിന്യ സംസ്കരണ സംവിധാനം ഇല്ല എന്നാണ് സ്റ്റാറ്റസ് റിപ്പോർട്ടിലും അന്തിമപദ്ധതി രേഖയിലും രേഖപ്പെടുത്തിയിരിക്കുന്നത്. ബജറ്റിലും പ്രസ്തുത മേഖലയിൽ തുക വകയിരുത്തിയിട്ടില്ല. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-10-3 ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം കേരള വാട്ടർ അതോറിറ്റിയുടെ സഹായത്തോടെ തിട്ടപ്പെടുത്തിയിട്ടുണ്ട്. ജലം ലഭ്യമാകുന്ന എല്ലാ പൊതുടാപ്പുകൾക്കും മീറ്റർ ഘടിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ കീഴിൽ 406 പൊതുടാപ്പുകളാണ് ഉള്ളത്. 2017-18 സാമ്പത്തിക വർഷം വാട്ടർ ചാർജ്ജിനത്തിൽ 1598625 രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കു വരുത്തിയിട്ടുണ്ട്.

1-10-4തെരുവ് വിളക്കുകളുടെ പരിപാലനം - സ്റ്റോക്ക് രജിസ്റ്റർ പരിപാലനത്തിൽ കൃത്യതയില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് നമ്പർ 145/18 തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ എന്ന പ്രോജക്ട് പ്രകാരം തെരുവ് വിളക്ക് പരിപാലനത്തിനായി M/s ആൽഫ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ ഇലക്ട്രോണിക് സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം അവശേഷിക്കുന്നവയും (വിതരണത്തിന് ശേഷം) സ്റ്റോക്ക് പരിശോധനയിൽ കണ്ടെത്തിയ സാധനങ്ങളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം., തീയതി (സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്) | സാധനങ്ങളുടെ വിവരം | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള എണ്ണം (അവശേഷിക്കുന്നത്) | സ്റ്റോർ പരിശോധനയിൽ കണ്ടെത്തിയ എണ്ണം (അവശേഷിക്കുന്നത്) | അടങ്കൽ | ചെലവ് | ബിൽ നമ്പർ തീയതി |
|---|---|---|---|---|---|---|
| 1/14-01-18 | ട്യൂബ് ലൈറ്റ് 36 W | 20 | 60 | 600000 | 327577 | 299603/- 40/16.02.2018 |
| 2/27-01-18 | അലുമിനിയം ചോക്ക് 40 W | 128 | 0 | | | 19124/- 53/20.03.18 |
| 3/19-01-18 | സ്റ്റാർട്ടർ 40 W | 140 | 150 | | | 8850/- 62/26.03.2018 |
| 4/14-03-18 | സി.എഫ്.എൽ 20 W | 592 | 60 | | | |
| 5/28-11-2017 | ഇലക്ട്രോണിക്ക് ചോക്ക് | 5 | 0 | | | |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 61/16-02-19) നൽകിയ മറുപടിയിൽ തെരുവ് വിളക്ക് സംബന്ധിച്ച വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ അവസാനമായി രേഖപ്പെടുത്തിയ തീയതിക്ക് ശേഷം, 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുകയും പ്രസ്തുത ഉപകരണങ്ങൾ ഉപയോഗിച്ച് തെരുവ് വിളക്ക് പരിപാലനം നിർവ്വഹിച്ചു വരുകയും ചെയ്യുന്നു എന്ന് അറിയിച്ചിരിക്കുന്നു. സ്റ്റോക്ക് രജിസ്റ്ററിൽ വിതരണം ചെയ്ത സാധനങ്ങൾ, കൈപ്പറ്റിയവരുടെ വിവരം, വിതരണം ചെയ്ത തീയതി എന്നിവ കൃത്യതയോടെ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തൽ വരുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.12.2018 | 08/2018 മുതൽ 10/2018 വരെ | 17.12.2018 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.11.2016 | 2012-13 മുതൽ 2015-16 വരെ | 17.07.2017 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1) സുലേഖ ചെലവ് പത്രികയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവും പൊരുത്തപ്പെടുന്നില്ല

ചുവടെ കൊടുത്തിരിക്കുന്ന പ്രോജക്ടുകളിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവും സുലേഖ ചെലവ് സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| നിർവ്വഹണം | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ബിൽ ബുക്ക് പ്രകാരം / നിർവ്വഹണ ഉദ്യോഗസ്ഥർ ഹാജരാക്കിയ രേഖകൾ പ്രകാരം ചെലവ് | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | SO140/18 | പച്ചക്കറി കൃഷി ഗ്രോബാഗിൽ | 257160 | 249000 (വികസനഫണ്ട്) |
| ICDS സൂപ്പർവൈസർ | SOO69/18 | ബഡ്സ് സ്കൂളിന് അനുബന്ധ സൗകര്യങ്ങൾ | 76560 | 64080 (തനത് ഫണ്ട്) |
| | SO175/18 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ | 111360 | 89280 (തനത് ഫണ്ട്) |
| | SOO74/18 | അംഗനവാടി പോഷകാഹാരം | 219852 | 226831 (കേന്ദ്ര വിഹിതം) |

സുലേഖ സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യാഞ്ഞതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്നാണ് വിശദീകരണം (ഓഡിറ്റ് എൻക്വയറി നമ്പർ 63/16.02.2019ന്റെ മറുപടി). ഇപ്രകാരമുള്ള അപാകതകൾ സംഭവിക്കാതിരിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

2) RP 31 പ്രകാരം ജില്ലാപഞ്ചായത്ത് വിഹിതം 615900/- രൂപയാണ്. എന്നാൽ പഞ്ചായത്ത് ഹാജരാക്കിയ രേഖകൾ പ്രകാരം 629600/- രൂപ ജില്ലാപഞ്ചായത്ത് വിഹിതം വരവ് രേഖപ്പെടുത്തിയിരിക്കുന്നു. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീത് ബുക്ക് പരിപാലിക്കുന്നതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ രസീത് ബുക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന രസീതുകളിൽ വൺസൈഡഡ് കാർബൺ ഉപയോഗിച്ചാണ് തുക പിരിച്ചെടുത്തിട്ടുള്ളത്.

| ക്രമ നം. | രസീത് ബുക്ക് നമ്പർ | രസീത് നമ്പർ |
|---|---|---|
| 1 | 17319 | 1 മുതൽ 36 വരെ |
| 2 | 17328 | 21 മുതൽ 100 വരെ |
| 3 | 17333 | 1 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.36/13.02.2019 ന് ലഭിച്ച മറുപടിയിൽ രസീത് ബുക്കുകൾ കൈകാര്യംചെയ്ത ജീവനക്കാരുടെ അറിവില്ലായ്മ മൂലമാണ് മേൽ അപാകതകൾ സംഭവിച്ചതെന്നും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കില്ലായെന്നും അറിയിച്ചിട്ടുണ്ട്. രസീത് ബുക്കുകൾ പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം ശരിയായ രീതിയിൽ പരിപാലിക്കേണ്ടതും ഹെഡ് അക്കൗണ്ടന്റ് ആയത് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-2 ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - അപാകങ്ങൾ

എ) ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല

1996 -ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കാത്തതിനാൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ യഥാസമയം അപേക്ഷ സമർപ്പിച്ച് ലൈസൻസ് പുതുക്കുന്നുണ്ടെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ബി) ലൈസൻസ് നൽകുന്നതിൽ കാലതാമസം

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ) ചട്ടം 12(3) പ്രകാരം മറ്റ് സ്ഥാപനങ്ങളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങേണ്ടതില്ലാത്ത കേസുകളിൽ 30 ദിവസത്തിനകവും ആവശ്യമായ രേഖകൾ ഹാജരാക്കിയാൽ /വാങ്ങേണ്ട സംഗതിയിൽ അവ ലഭിച്ച് കഴിഞ്ഞ് 45 ദിവസത്തിനകവും ലൈസൻസ് നൽകണം. എന്നാൽ ലൈസൻസിനായി നൽകിയ ആദ്യ 60

അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് മേൽ കാലാവധി കഴിഞ്ഞാണ് ലൈസൻസ് നൽകിയത്.

| ക്രമ നം. | വാർഡ്/കെട്ടിട നമ്പർ | പേര് | വ്യാപാരസ്ഥാപനം | അപേക്ഷ ലഭിച്ച തീയതി | ലൈസൻസ് അനുവദിച്ച തീയതി |
|---|---|---|---|---|---|
| 1 | VI,141,142 | സെക്രട്ടറി | മാവിൻമൂട് കൺസ്യൂമർ സൊസൈറ്റി | 06.02.2017 | 20.10.2017 |
| 2 | VIII/327 | അംബിക | സ്റ്റേഷനറി | 22.02.2017 | 27.09.2017 |
| 3 | I/463 | തിലകൻ | പാത്രങ്ങൾ വാടകയ്ക്ക നൽകൽ | 28.02.2017 | 22.09.2017 |
| 4 | XIX/509 | സുരേന്ദ്രൻ | പലചരക്ക് കട | 14.02.2017 | 03.08.2017 |
| 5 | XVIII/867 | റിയാസ് | സ്റ്റേഷനറി | 14.02.2017 | 18.07,2017 |
| 6 | V/61 | സുധൻ | സ്റ്റേഷനറി | 28.02.2017 | 15.07.2017 |
| 7 | XIII/613 | സുദർശൻ | പലചരക്ക് കട | 27.02.2017 | 14.07.2017 |
| 8 | XII/94 | നിതിൻ | ഫ്ലവർമിൽ | 18.02.2017 | 14.07.2017 |
| 9 | XVI/507 | സെയ്നുലാബ്ദീൻ | ഫാൻസി സ്റ്റോർ | 25.02.2017 | 11.07.2017 |
| 10 | XVI/506 | ഷാജി | പലചരക്ക് കട | 25.02.2017 | 11.07.2017 |
| 11 | XVI/263 | ഭാസ്കരൻ നായർ | ഫ്ലവർ മിൽ | 14.02.2017 | 10.07.2017 |
| 12 | VI/214 | ബാബുദേവകുറുപ്പ് | പലചരക്ക് കട | 09.02.2017 | 06.07.2017 |
| 13 | XIV/170 | സുഭാഷ് ചന്ദ്രബോസ് | സ്റ്റേഷനറി | 27.02.2017 | 05.07.2017 |

| | | | | | |
|---|---|---|---|---|---|
| 14 | XII/40 | മുഹമ്മദ് റാഫി | പലചരക്ക് കട | 20.02.2017 | 29.06.2017 |

സി) ലൈസൻസ് പുതുക്കി നൽകിയിട്ടില്ല

2016-17 വർഷം ഡി ആന്റ് ഓ ലൈസൻസ് അനുവദിച്ച 211 സ്ഥാപനങ്ങളിൽ, ക്രമനമ്പർ 130 മുതൽ 211 വരെയുള്ള സ്ഥാപനങ്ങൾ പരിശോധിച്ചതിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2017-18 വർഷം ലൈസൻസ് പുതുക്കി നൽകിയിട്ടില്ല.

| ക്രമ നം. | വാർഡ് | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | XIX/116 | ഷീജ.ജി | പലചരക്ക് കട |
| 2 | XVIII/539 | ഹേന സാബു | പൂജ സാധനങ്ങൾ |
| 3 | XVIII/287 | പ്രശോഭന | പലചരക്ക് കട |
| 4 | XVIII/622 | നസീർ | ചിക്കൻ കട്ടിംഗ് |
| 5 | I/702 | ഉണ്ണികൃഷ്ണൻ | പലചരക്ക് കട |
| 6 | XVIII/69 | പ്രകാശ്.കെ | ഫ്ലവർ മിൽ |
| 7 | II/321 | നവീൻ | ഓട്ടോമൊബൈൽ |
| 8 | I/540 | ശോഭന | ഫ്ലവർ മിൽ |
| 9 | XVIII/47 | ഷിബു.ജി | പലചരക്ക് കട |
| 10 | I/373 | ബിനു | ഫോട്ടോകോപ്പി |
| 11 | II/497 | സഫറുള്ള | ഹാർഡ് വെയർ ഷോപ്പ് |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.23/12.02.2019 ന് ലഭിച്ച മറുപടിയിൽ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും ലൈസൻസ് പുതുക്കുന്നതിനും നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ബജറ്റ് രൂപീകരണവേളയിൽ നിലവിലെ വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്ന പ്രക്രിയയിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ചതായി മിനിട്സിലോ ബജറ്റ് ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല.

വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ഡി & ഒ ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-3 ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് പരിധിയിൽ വിവിധ ഇനങ്ങളിൽ 10 ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ ഫാമുകൾക്ക് 2017-18

വർഷത്തേയ്ക്ക് ഡി&ഒ ലൈസൻസ് നൽകിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | സ്വകാര്യം |
|---|---|---|
| 1 | ഡയറി ഫാം | 2 |
| 2 | ഗോട്ട് ഫാം | 3 |
| 3 | മുട്ടക്കോഴി | 2 |
| 4 | ഇറച്ചിക്കോഴി | 3 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 25/12.02.2019ന് ലഭ്യമാക്കിയ മറുപടിയിൽ ലൈവ്സ്റ്റോക്ക് ഫാമിന്റെ ചട്ടങ്ങൾക്കനുസൃതമായി മേൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാത്തതിനാലാണ് ലൈസൻസ് നൽകാത്തത് എന്നാണ് അറിയിച്ചിട്ടുള്ളത്. ഡി & ഒ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനും ചട്ടപ്രകാരമല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും ശ്രദ്ധ അനിവാര്യമാണ്. കൂടാതെ പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-4 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്തിരാജ് നിയമം വകുപ്പ് 266,1999ലെ കേരള പഞ്ചായത്തിരാജ്(ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ)ചട്ടങ്ങൾ,ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ഒരു സ്ഥാപനം പ്രവർത്തിക്കുന്നതിന് മുൻപുതന്നെ രജിസ്ട്രേഷനുള്ള അപേക്ഷയും ചട്ടം 3(2)പ്രകാരമുള്ള രജിസ്ട്രഷൻ ഫീസും പഞ്ചായത്തിൽ ഒടുക്കേണ്ടതും, ചട്ടം3(3)പ്രകാരം പഞ്ചായത്ത് ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെയാണ് പ്രവർത്തിച്ച് വരുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.27/12.02.19ന് ലഭിച്ച മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രജിസ്ട്രേഷനില്ലാതെ ചട്ടവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ ജാഗ്രതക്കുറവിനെയാണ് സൂചിപ്പിക്കുന്നത്. ഇത്തരത്തിലുള്ള ചട്ട ലംഘനം റിപ്പോർട്ട് ചെയ്യുന്നതിനും തടയുന്നതിനുമുള്ള സംവിധാനമൊരുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 വളർത്തുനായകൾക്ക് ലൈസൻസ് നൽകുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ യാതൊരാളും നായകളെ വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 1892 വളർത്തുനായകൾ ഉള്ളതായും 112 എണ്ണത്തിന് ലൈസൻസ് ഉള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 29 നായ്ക്കൾക്ക് മാത്രമാണ് 2017-18 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളത് മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 28/12.02.2019ന് ലഭ്യമാക്കിയ മറുപടിയിൽ വാക്സിനേഷൻ നൽകിയിട്ടുള്ള നായകൾക്ക് മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത് എന്നാണ് അറിയിച്ചിട്ടുള്ളത്. വളർത്തു നായകൾക്ക് വാക്സിനേഷൻ നൽകുന്നതിനും ലൈസൻസ് അനുവദിക്കുന്നതിനും പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 2-6 തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടിക്രമം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വകുപ്പ് | നടപടിക്രമം |
|---|---|---|
| 1 | 205(ബി) | നികുതിയ്ക്ക് വിധേയരായവരുടെ ലിസ്റ്റ് നിർദ്ദിഷ്ടസമയപരിധിയ്ക്കുള്ളിൽ സമർപ്പിക്കുവാൻ ഉടമസ്ഥനോടോ കൈവശക്കാരനോടോ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. |
| 2 | 205(ഇ) | സ്ഥാപനങ്ങൾ മുതലായവയുടെ പേര് നൽകുന്നതിന് ആവശ്യപ്പെടൽ. |
| 3 | 205(സി) | തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടൽ. |
| 4 | 205 (എഫ്II) | ഓരോ വർഷവും ഓഗസ്റ്റ് മാസത്തിന്റെയും ഫെബ്രുവരി മാസത്തിന്റെയും അവസാനത്തിന് മുമ്പ് ഓരോ ഓഫീസ് മേധാവിയും തൊഴിലുടമയും നികുതി അടയ്ക്കേണ്ടതായ എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തേണ്ടതുംഅവരിൽ നിന്നും തുക ഈടാക്കേണ്ടതുമാണ്. |
| 5 | 205(ഡി) | തൊഴിലുടമകൾ നികുതി വസൂലാക്കൽ. |

ഡി&ഒ ലൈസൻസ് അനുവദിച്ച ഒന്നിൽ കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്ന

വ്യാപാരസ്ഥാപനങ്ങളിലെ ഉടമകളിൽ നിന്നും മേൽ നടപടിക്രമങ്ങൾ പാലിച്ച് ജീവനക്കാരുടെ വേതന വിവരങ്ങൾ ഉൾപ്പെട്ട പത്രിക വാങ്ങി തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. ഉദാഹരണമായി ഡി&ഒ ലൈസൻസിനായി സമർപ്പിച്ച ആദ്യ 100 അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2017-18 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം | ജീവനക്കാർ |
|---|---|---|---|---|
| 1 | XII/262A | സെക്രട്ടറി തിരു.കൺ.വെൽഫെയർ | ബിൽഡിംഗ് മെറ്റീരിയൽ | 5 |
| 2 | X/438A | പ്രതിഭാ സ്മിതൻ | എലൈറ്റ് അഗ്രോ | 4 |
| 3 | IV/650 | വിശ്വംഭരൻ | ഡയറി ഇനങ്ങൾ | 4 |
| 4 | II/271 | ജയകുമാർ | ഈവന്റ് മാനേജ്മെന്റ് | 3 |
| 5 | X/1469 | ശശാങ്കൻ | ഹോളോബ്രിക്സ് | 4 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.24/12.02.2019 ന് ലഭിച്ച മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ ദിവസ വേതന അടിസ്ഥാനത്തിലുള്ള കരാർ ജീവനക്കാരാണ് ജോലി ചെയ്യുന്നതെന്നും അതിനാലാണ് തൊഴിൽ നികുതി ഈടാക്കാത്തതെന്നുമാണ് അറിയിച്ചിട്ടുള്ളത്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്ന വ്യക്തികളിൽ നിന്നും അർദ്ധ വാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്ന പ്രക്രിയയിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-7 റേഷൻകടകൾ തൊഴിൽ നികുതി ഒടുക്കാതെ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്ന് 2017-18 വർഷത്തേയ്ക്ക് വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 20/12.02.2019 ന് ലഭ്യമാക്കിയ മറുപടിയിൽ റേഷൻ കടകളിൽ നിന്ന് തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി മേൽ വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-8 കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2017- 18 വർഷം ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കോൺട്രാക്ടേഴ്സ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയും വിധം 10 കരാറുകാർ മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം. | പേര് | വിലാസം |
|---|---|---|
| 1 | കേരളീയൻ | റീനാ നിവാസ് ,ഞെക്കാട് |
| 2 | നിഖിൽ കേരളീയൻ | നിജി നിവാസ്, ശ്രീനിവാസപുരം |
| 3 | സുദർശനൻ.ജി | എസ്.എൽ ലാന്റ് , കോവൂർ |
| 4 | സുഗുണാനന്ദൻ | പാട്ടത്തിൽ, ഞെക്കാട് |
| 5 | അജിത് കുമാർ | ഇന്ദീവരം, തച്ചോട് |
| 6 | ഷിജു.എസ് | ആർ.എസ്.സദനം, കാരംകോട് |
| 7 | സനൽകുമാർ | രോഹിണി,ഞെക്കാട് |
| 8 | നഹാസ്.എ | ബിസ്മില്ല, കുളമുട്ടം |
| 9 | ഗോവിന്ദരാജൻ.ബി | ശ്രീലങ്കാപുരി, ചെറുന്നിയൂർ |
| 10 | സർജൻ | ബിന്ദുഭവൻ, വടശ്ശേരിക്കോണം |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 08/11.02.2019ന് ലഭ്യമാക്കിയ മറുപടിയിൽ, മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 2-9 മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയില്ല

2017-18 വർഷം ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള ബി.എസ്.എൻ.എൽ -ന്റെ മൊബൈൽ ടവറിൽ നിന്നും(കെട്ടിട നം.7/243) വസ്തുനികുതി ഈടാക്കിയിട്ടില്ല. ഇതു

സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(03/11.02.2019) നൽകിയ മറുപടിയിൽ വസ്തുനികുതി ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ട്. നികുതി പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **2-10** ഇ - ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ തുക നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇ-ടെണ്ടർ പ്രകാരം 45 പ്രവൃത്തികൾക്കായി ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട 106480/- രൂപ തിരികെ ഈടാക്കാൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## **3-1** പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല

സർക്കാർ ഉത്തരവ് നമ്പർ 07/2016/ഫിൻ 20.01.2016 പ്രകാരം 01.04.2013ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുമ്പോൾ ആനുപാതികമായ തുക പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 01.04.2013ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക ഒന്ന്, രണ്ട് ഗഡുക്കൾ അനുവദിച്ചപ്പോൾ ആനുപാതികമായ തുക പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കിയിട്ടില്ല. തുക അനുവദിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ | പേര് | തസ്തിക | ഒന്നാം | വൗച്ചർ | രണ്ടാം | വൗച്ചർ |
|---|---|---|---|---|---|---|

| നം. | | | ഗഡു | നമ്പർ/ തീയതി | ഗഡു | നമ്പർ |
|---|---|---|---|---|---|---|
| 1 | സജ്ജുലാൽ .ഡി | സെക്രട്ടറി | 49104 | 4800210/04/08/2017 | 40046 | 7731781/10/11/2017 |
| 2 | അനിൽ.പി.എൻ | അസി.സെക്രട്ടറി | 17557 | 3747167/05/07/2017 | 14318 | 7731781/10/11/2017 |
| 3 | ആരതി ബാബു | ഹെഡ്ക്ലാർക്ക് | 20174 | 3746746/05/07/2017 | 16453 | 7734863/10/11/2017 |
| 4 | സുരേഷ് കുമാർ | ഹെഡ്ക്ലാർക്ക് അക്കൗണ്ടന്റ് | 22535 | 3747167/05/07/2017 | 18378 | 7731781/10/11/2017 |
| 5 | സബീന ബീവി | അക്കൗണ്ടന്റ് | 21762 | 3746746/05/07/2017 | 17748 | 7734863/10/11/2017 |
| 6 | നജീബ്.ജെ | സീനിയർ ക്ലർക്ക് | 19014 | 3746746/05/07/2017 | 15506 | 7734863/10/11/2017 |
| 7 | നിർമ്മല | സീനിയർ ക്ലാർക്ക് | 20338 | 3746746/05/07/2017 | 16586 | 7734863/10/11/2017 |
| 8 | രമ്യ.ആർ.എൻ | ക്ലാർക്ക് | 15085 | 3747167/05/07/2017 | 12302 | 7731781/10/11/2017 |
| 9 | സാലി.എസ് | ക്ലാർക്ക് | 15332 | 3746746/05/07/2017 | 12504 | 7734863/10/11/2017 |
| 10 | സുനിത.എസ് | ക്ലാർക്ക് | 15791 | 3746746/05/07/2017 | 12878 | 7734863/10/11/2017 |
| 11 | വിഷ്ണുമാധവൻ | ക്ലാർക്ക് | 3768 | 4799974/04/08/2017 | 3073 | 7734863/10/11/2017 |

| | | | | | | |
|---|---|---|---|---|---|---|
| 12 | മിൽഖാ സിംഗ്.എ.പി | ഒ.എ | 22152 | 3747167/05/07/2017 | 18066 | 7731781/10/11/2017 |
| 13 | സുധകല | പാർട്ട് ടൈം സ്കൂൾ ടീച്ചർ | 8476 | 3746746/05/07/2017 | 6913 | 7734863/10/11/2017 |
| 14 | ഷെർലി | പാർട്ട് ടൈം ആയ | 9185 | 3746746/05/07/2017 | 7491 | 7734863/10/11/2017 |
| 15 | വത്സല.എൽ | പാർട്ട് ടൈം സ്വീപ്പർ | 9343 | 3746746/05/07/2017 | 7619 | 7734863/10/11/2017 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 43/14.02.2019 ന് ലഭിച്ച മറുപടിയിൽ തുക അടിയന്തിരമായി പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-2 കണ്ടിജന്റ് ചെലവുകൾക്കായി നൽകുന്ന മുൻകൂർതുക ക്രമീകരിക്കുന്നില്ല

പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾക്ക് 2017-18 വർഷത്തെ കണ്ടിജന്റ് ചെലവുകൾക്കായി താഴെപ്പറയും വിധം മുൻകൂർ തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നം. | സ്ഥാപന മേധാവി | മുൻകൂർ നൽകിയ തുക | ചെലവ് | ബാക്കി തുക |
|---|---|---|---|---|
| 1 | വെറ്റിനറി സർജൻ | 10500 | 10500 | - |
| 2 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 68000 | ചെലവ് രേഖകൾ ഹാജരാക്കിയില്ല | വിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ല. |
| 3 | ഹെഡ്മാസ്റ്റർ | 25000 | 25000 | - |
| 4 | കൃഷി ഓഫീസർ | 45000 | 45000 | - |

| | | | | |
|---|---|---|---|---|
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 62360 | 40059 | 22301 |
| 6 | മെഡിക്കൽ ഓഫീസർ ആയുർവേദം | 10000 | 9850 | 150 |
| 7 | മെഡിക്കൽ ഓഫീസർ ഹോമിയോ, ചെമ്മരുതി | 40000 | ചെലവ് രേഖകൾ ഹാജരാക്കിയില്ല | വിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ല. |
| 8 | മെഡിക്കൽ ഓഫീസർ ഹോമിയോ, പാളയം കുന്ന് | 7000 | 7000 | - |

സ.ഉ.(എം.എസ്)നം.80/2017/തസ്വഭവ തീ.03.04.2017 പ്രകാരം സാമ്പത്തിക വർഷാരംഭത്തിൽ തന്നെ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള ആവശ്യകതാ പട്ടിക തയ്യാറാക്കി തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിക്ക് നൽകേണ്ടതും ആവശ്യകത പരിഗണിച്ച് സ്ഥാപന മേധാവികൾക്ക് തുക അനുവദിക്കേണ്ടതുമാണ്. കൂടാതെ അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിക്ക് നൽകേണ്ടതും ചെലവ് വൗച്ചറുകൾ സ്ഥാപന മേധാവികൾ സൂക്ഷിക്കേണ്ടതുമാണ്.

എന്നാൽ കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ കണ്ടിജന്റ് ചെലവുകളുടെ ആവശ്യകതാ പട്ടിക തയ്യാറാക്കി പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല. മുൻകൂർ തുക കൈപ്പറ്റിയ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), മെഡിക്കൽ ഓഫീസർ (ഹോമിയോ ചെമ്മരുതി ) എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം വർഷാവസാനം പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല. കൂടാതെ മേൽ നിർവഹണ ഉദ്യോഗസ്ഥർ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 51/15.02.2019 ന് ലഭിച്ച മറുപടിയിൽ ചെലവ് രേഖകൾ ഹാജരാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയതായി അറിയിച്ചിട്ടുണ്ട്. ചെലവ് രേഖകളുടെ അഭാവത്തിൽ 108000/- രൂപ(68000+40000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 ഓഫീസ് വാഹനം പരിപാലിക്കുന്നതിൽ അപാകത

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL16 J 3551 രജിസ്ട്രേഷൻ നമ്പർ പ്രകാരമുള്ള

ഓഫീസ് വാഹനത്തിന്റെ ഇന്ധനക്ഷമതാ പരിശോധന തൻവർഷം നടത്തിയിട്ടില്ല. നിലവിലുള്ള ഇന്ധനക്ഷമതാ സർട്ടിഫിക്കറ്റിന്റെ കാലാവധി 03.08.2017 വരെയാണ്. കൂടാതെ വൗച്ചർ നം.21700136(ചെക്ക് നം.32584/29.05.2017 പ്രകാരം വാഹനത്തിൽ 01.04.2017 ൽ ഇന്ധനം നിറച്ചതിന് 2451/- രൂപ അനുവദിച്ചെങ്കിലും ലോഗ് ബുക്കിൽ മേൽ തീയതിയിൽ ഇന്ധനം നിറച്ചതായി രേഖപ്പെടുത്തിയിട്ടില്ല. വാഹനത്തിന്റെ ഇന്ധന ഉപഭോഗം സംബന്ധിച്ച സംക്ഷിപ്ത രൂപം മാസാവസാനം ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുമില്ല .ധനകാര്യ വകുപ്പിന്റെ സർക്കുലർ നം.41/2008/ധനം. തീ.02/08/2008 പ്രകാരം ഓഫീസ് വാഹനങ്ങളുടെ ഇന്ധന ക്ഷമതാ ടെസ്റ്റ് എല്ലാവർഷവും നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിച്ചിരിക്കേണ്ടതുമാണ്. കൂടാതെ വാഹനത്തിൽ ഇന്ധനം നിറയ്ക്കുന്നത് സംബന്ധിച്ച വിവരം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതും തൻമാസത്തെ യാത്രചെയ്ത ദൂരത്തെ സംബന്ധിച്ചും ഇന്ധന ഉപഭോഗം സംബന്ധിച്ചുമുള്ള സംക്ഷിപ്ത രൂപം മാസാവസാനം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ട താണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 59/16.02.2019 ന് ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവുകളും മാർഗ നിർദ്ദേശങ്ങളും കർശനമായും പാലിച്ചുകൊണ്ട് വാഹനം പരിപാലിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ മേൽ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-4 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (ജനറൽ) - ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിച്ചില്ല

പ്രോജക്ട് നമ്പർ - 134/18

അടങ്കൽ: -

വികസന ഫണ്ട് - 5,00,000

ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 5,00,000

ജില്ലാ പഞ്ചായത്ത് വിഹിതം - 5,00,000

ആകെ - 15,00,000 രൂപ

വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥയായ മേൽ പദ്ധതിക്ക് ജില്ലാ പഞ്ചായത്ത് വിഹിതമായി 5,00,000/- രൂപ 4-1- 2018 ൽ ഗ്രാമപഞ്ചായത്തിന് ലഭിച്ചെങ്കിലും പ്രസ്തുത തുക നിർവഹണ ഉദ്യോഗസ്ഥയ്ക്ക് തൻവർഷം കൈമാറിയിട്ടില്ല. തന്മൂലം പ്രസ്തുത തുകയുടെ ആനുകൂല്യം ഗുണഭോക്താക്കൾക്ക് ലഭിക്കുകയോ പദ്ധതി വിഭാവനം ചെയ്ത രീതിയിൽ ലക്ഷ്യം കൈവരിക്കുകയോ ചെയ്തില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നമ്പർ 60) മറുപടിയിൽ, ഗുണഭോക്താക്കളുടെ എണ്ണം കുറവായതിനാലാണ് ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിക്കാതിരുന്നതെന്ന് വിശദീകരിച്ചിട്ടുണ്ട്.

ആവശ്യകതാനിർണ്ണയം നടത്താതെ പദ്ധതി ആസൂത്രണം ചെയ്തതുമൂലമാണ് പദ്ധതി

ലക്ഷ്യപ്രാപ്തിയിലെത്താതെ പോയത്.

തുക ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് തിരികെയൊടുക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെയും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 3-5 ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിൽ വീഴ്ച

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ സർക്കാർ ഉത്തരവ് (112/2014 തസ്വഭവ 25.06.14) പ്രകാരമാണ് പ്രോജക്ടുകൾക്ക് വേണ്ടിയുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്. എന്നാൽ പ്രസ്തുത ഉത്തരവിലെ നടപടി ക്രമങ്ങൾ പാലിക്കാത്തതിനാൽ പ്രോജക്ടിനാവശ്യമായ അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്.

ഉദാഹരണമായി അർഹരായ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (ജനറൽ) SO134/18, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (പട്ടികജാതി) SO144/18 എന്നീ പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക പൂർണമായും ചെലവഴിച്ചില്ല. ഗുണഭോക്താക്കളുടെ എണ്ണം കുറവായതിനാൽ So 134/18-ാം നമ്പർ പ്രോജക്ടിനായി വകയിരുത്തിയ ജില്ലാപഞ്ചായത്ത് വിഹിതമായ 500000/- രൂപ ചെലവഴിച്ചില്ല. പ്രോജക്ട് നമ്പർ So144/18 ന വേണ്ടി 50000/- രൂപ അടങ്കൽ വകയിരുത്തിയെങ്കിലും 11563/-രൂപ മാത്രമാണ് ചെലവഴിച്ചത്. പ്രസ്തുത പ്രോജക്ടിനായി 10 ഗുണഭോക്താക്കളുടെ ലിസ്റ്റ് നൽകിയെങ്കിലും 3 പേർക്ക് മാത്രമാണ് പദ്ധതിയുടെ പ്രയോജനം ലഭിച്ചത്. അവശേഷിക്കുന്ന 7 പേർ ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്നവരല്ലാത്തതിനാലാണ് ആനുകൂല്യം നൽകാതിരുന്നതെന്ന് വിശദീകരിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി 45/15.02.2019)ന്റെ മറുപടി)

സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-6 കാർഷിക മേഖലയിൽ മോണിറ്ററിംഗും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടലും അനിവാര്യം

1) സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കുന്നില്ല

എ)പ്രോജക്ട് രൂപീകരണത്തിന്റെ അടിസ്ഥാന രേഖയാകേണ്ട സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല.

കൃഷി മേഖലയിലെ അടിസ്ഥാന വിവരങ്ങളിൽ ചുവടെപ്പറയും പ്രകാരമാണ് രേഖപ്പെടുത്തൽ :

തരിശ് ഭൂമി - 85 ഹെക്ടർ

കൃഷി യോഗ്യമായ തരിശ് ഭൂമി - 1481 ഹെക്ടർ

കൃഷി യോഗ്യമല്ലാത്ത തരിശ് ഭൂമി - 5 ഹെക്ടർ

ഇപ്രകാരം തെറ്റായ രേഖപ്പെടുത്തലിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

ബി) 17-18 വർഷം വിവിധ പ്രോജക്ടുകൾക്കായി 27,54,878 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ രണ്ട് സാമ്പത്തികവർഷത്തെ തൽസ്ഥിതി വിവരങ്ങൾ ചുവടെപ്പറയും പ്രകാരമാണ്.

| ക്രമ നം. | വിവരം | 2017-18 സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം (ഹെക്ടർ) | 2018-19 സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം (ഹെക്ടർ) |
|---|---|---|---|
| i | കൃഷിക്ക് അനുയോജ്യമായ വിസ്തൃതി | 1481 | 1481 |
| ii | കൃഷി ചെയ്യുന്നത് | 1396 | 1396 |
| iii | കൃഷിയോഗ്യമായ തരിശ് ഭൂമി | 1481 | 1481 |
| iv | കൃഷി ചെയ്യുന്ന നെൽവയലുകളുടെ വിസ്തൃതി | 65 | 65 |
| v | കൃഷിയോഗ്യമാണെങ്കിലും ചെയ്യാത്ത നെൽവയലുകളുടെ വിസ്തൃതി | 50 | 50 |

2017-18 വർഷം നടപ്പാക്കിയ പ്രോജക്ടുകൾ മേഖലയിൽ യാതൊരു മാറ്റവും വരുത്തിയില്ലെന്നാണ് സ്റ്റാറ്റസ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

സ്റ്റാറ്റസ് റിപ്പോർട്ടിലെ അടിസ്ഥാന വിവരങ്ങളിൽ കാർഷിക കർമ്മ സേനയോ അഗ്രോ സർവ്വീസ് സെന്ററോ ഇല്ലായെന്നാണ് രേഖപ്പെടുത്തൽ. കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള ജൈവ പച്ചക്കറികൾ ലഭ്യമാക്കുന്നതിനും വിപണന കേന്ദ്രങ്ങളുടെ ആവശ്യകതയുണ്ട്. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ കാർഷിക മേഖലയിലെ ഇപ്രകാരമുള്ള പ്രശ്നങ്ങളെക്കുറിച്ച് ചർച്ചയൊന്നും നടക്കുന്നതായി കാണുന്നില്ല.

അടിസ്ഥാന വിവരങ്ങളിൽ 1 ട്രാക്ടറും 6 ടില്ലറുമുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ 7 പാടശേഖരസമിതികളാണുള്ളത്. എന്നാൽ ചെറുകിട യന്ത്ര വൽക്കരണത്തിന്റെ അപര്യാപ്തത ലഘു സ്വഭാവമുള്ള വിഷയമായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

കൃഷിയും അനുബന്ധ മേഖലയും വർക്കിംഗ് ഗ്രൂപ്പിന്റെ 08.05.2017ലെ യോഗത്തിൽ 16-ാം വാർഡിലെ പാടശേഖരത്തിന് ട്രാക്ടർ വാർഡ് തല നിർദ്ദേശമായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ യന്ത്ര വൽക്കരണത്തിനായി പ്രോജക്ടുകളൊന്നും രൂപീകരിച്ച് നടപ്പാക്കിയിട്ടില്ല.

കാർഷിക കർമ്മ സേന രൂപീകരിക്കുന്നതിനും യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനും 18-19 വർഷം പ്രോജക്റ്റ് രൂപീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

2)മോണിറ്ററിംഗ് ഫലപ്രദമല്ല

വിവിധ കാർഷികോല്പന്നങ്ങളുടെ വർദ്ധനവിനായി ചുവടെപ്പറയുന്ന പ്രോജക്ടുകൾക്കായി 1058600 രൂപ ചെലവാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവ് തുക |
|---|---|---|---|
| i | SOO51/18 | സമഗ്ര പച്ചക്കറി കൃഷി | 238500 |
| ii | SO133/18 | വാഴ കൃഷി | 200000 |
| iii | SO140/18 | പച്ചക്കറി കൃഷി ഗ്രോബാഗിൽ | 249000 |
| iv | SO172/18 | സമഗ്ര പച്ചക്കറി കൃഷി | 371100 |
| ആകെ | | | 1058600 രൂപ |

എന്നാൽ, കാർഷികോല്പന്നങ്ങളുടെ വർദ്ധനവ് സംബന്ധിച്ച് വിവരശേഖരണം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

തൻ വർഷം നടപ്പാക്കിയ പ്രോജക്ടുകൾക്കൊന്നിനും മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രോജക്ടുകൾ ഫലപ്രാപ്തിയിലെത്തിയോയെന്ന് പരിശോധിക്കാൻ സാധിച്ചില്ല.

പ്രോജക്റ്റ് രൂപീകരണ – നിർവ്വഹണ ഘട്ടങ്ങളിലെ പാളിച്ചകളാണ് മേൽ സൂചിപ്പിച്ച വിഷയങ്ങൾക്ക് കാരണമായത്. വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി മാറി പ്രോജക്ടുകളുടെ ഫലപ്രദമായ തുടർ നിരീക്ഷണം നടത്തിയിട്ടില്ല. വൗച്ചറുകളില്ലാതെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുകയും ശരിയായ വിതരണ വിവരങ്ങൾ സൂക്ഷിക്കാതിരിക്കുകയും ചെയ്യുന്നത് മോണിറ്ററിംഗിന്റെ അഭാവമാണ് കാണിക്കുന്നത്. കൃഷിക്ക് പ്രാധാന്യമുള്ള ഗ്രാമപഞ്ചായത്തിൽ യന്ത്രവൽക്കരണത്തിന് അടിയന്തിര നടപടികളുണ്ടാകണം. മേൽ വിഷയങ്ങളിലേക്ക് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 സമഗ്ര പച്ചക്കറി കൃഷി - പ്രോജക്റ്റ് രൂപീകരണത്തിലും നിർവ്വഹണത്തിലും അവ്യക്തത

പ്രോജക്റ്റ് നമ്പർ - SOO51/18

അടങ്കൽ : -

വികസന ഫണ്ട് - 238500

ഗുണഭോക്തൃ വിഹിതം

(നേരിട്ട് ചെലവഴിക്കുന്നത്) - 106500

ആകെ - 345000

ചെലവ് തുക - 238500രൂപ (ബിൽ നമ്പർ - 1/19.08.2017)

2016-17ൽ SO148/17 -ാം നമ്പരായി അംഗീകാരം വാങ്ങിയ പ്രോജക്ടിന്റെ സ്പിൽ ഓവറായി നടപ്പാക്കിയതാണ് പ്രസ്തുത പ്രോജക്ട്. 16-17ലെ പ്രോജക്ടിന്റെ അടങ്കൽ വിശദാംശം ചുവടെ ചേർക്കുന്നു.

അടങ്കൽ : -

വികസന ഫണ്ട് - 238500

ഗുണഭോക്തൃ വിഹിതം

(നേരിട്ട് ചെലവഴിക്കുന്നത്) - 106500

ആകെ - 345000

കഠിനമായ വരൾച്ച കാരണം പച്ചക്കറി കൃഷി നടപ്പാക്കാൻ കഴിയാഞ്ഞതിനാലാണ് 16-17 വർഷം ചെലവൊന്നും നടത്താതെ പ്രോജക്ട് സ്പിൽ ഓവറായതെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 46/15.02.2019ന്റെ മറുപടി).

16-17 വർഷത്തെ പ്രോജക്ട് പ്രൊഫോമയിലെ അധികവിവരങ്ങളിൽ പച്ചക്കറി വിത്ത്, തൈകൾ, പരിശീലനം എന്നിവ ജില്ലാ പഞ്ചായത്തും കൂലിച്ചെലവ്, സ്പ്രെയർ എന്നിവ ബ്ലോക്ക് പഞ്ചായത്തും ജൈവവളം, ജൈവകീടനാശിനി എന്നിവ ഗ്രാമപഞ്ചായത്തും നൽകുമെന്നുണ്ട്. കൂലിച്ചെലവ് സബ്സിഡിയിനത്തിൽ 48000/- രൂപയും സ്പെയറുകൾക്കായി 6000/-രൂപയും ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭ്യമായിട്ടുണ്ട്.

i)രണ്ട് വർഷത്തെയും പ്രോജക്ട് അടങ്കലിൽ ബ്ലോക്ക് - ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ ഉൾപ്പെടുത്താത്തതിന്റെ കാരണം വിശദമാക്കിയിട്ടില്ല.

ii) ബ്ലോക്ക് വിഹിതം അസിസ്റ്റന്റ് ഡയറക്ടർ മാറി നേരിട്ട് ഗ്രൂപ്പിന്റെ അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്തതെന്നാണ് വിശദീകരണം.

iii)ജില്ലാ പഞ്ചായത്ത് പച്ചക്കറി വിത്ത്, തൈകൾ, പരിശീലനം എന്നിവ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ വിശദാംശവും രേഖകളും ഹാജരാക്കാനാവശ്യപ്പെട്ടതിന് ജില്ലാ പഞ്ചായത്ത് വിഹിതവും മേൽ സൂചിപ്പിച്ച പ്രകാരം ഡെപ്യൂട്ടി ഡയറക്ടർ മാറി നേരിട്ട് ഫാമുകളിലേക്ക് നൽകുകയാണ് ചെയ്തതെന്ന് വിശദീകരിച്ചിട്ടുണ്ട്.

സി) പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിരുന്ന സ്റ്റേറ്റ്മെന്റ് പ്രകാരം കുടുംബശ്രീ യൂണിറ്റുകൾക്ക് ജൈവവളവും (യൂണിറ്റ് സബ്സിഡി - 3600രൂപ) ജൈവകീടനാശിനിയും( യൂണിറ്റ്

സബ്സിഡി - 375രൂപ) നൽകിയതിന്റെ സബ്സിഡി തുകയും ഹാജരാക്കിയ വൗച്ചറുകളും പൊരുത്തപ്പെട്ടിരുന്നില്ല.

| സ്റ്റേറ്റ്മെന്റ് ക്രമ നം. | കുടുംബശ്രീ യൂണിറ്റ് | നൽകിയ സബ്സിഡി വിവരം | ഹാജരാക്കിയ വൗച്ചർ പ്രകാരമുള്ള യൂണിറ്റിന്റെ എണ്ണം |
|---|---|---|---|
| 4 | സാഫല്യം | 3 യൂണിറ്റിനായി 11925 രൂപ | 2 |
| 36 | ശ്രീലക്ഷ്മി | 5 യൂണിറ്റിനായി 19875 രൂപ | 4 |

ഓഡിറ്റ് പരിശോധനയ്ക്കിടെ പ്രസ്തുത വൗച്ചറുകൾ തയ്യാറാക്കി ലഭ്യമാക്കുകയാണുണ്ടായത്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും മോണിറ്ററിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-8 ഗ്രോബാഗിൽ പച്ചക്കറി കൃഷി - മാർഗരേഖയ്ക്ക് വിരുദ്ധമായി ആനുകൂല്യ വിതരണം

പ്രോജക്ട് നമ്പർ - SO140/18

അടങ്കൽ : -

വികസന ഫണ്ട് - 300000

ഗുണഭോക്തൃ വിഹിതം

(സ്ഥാപനത്തിൽ അടയ്ക്കുന്നത്)- 100000

ആകെ - 400000

പ്രസ്തുത പ്രോജക്ടിനായി ചുവടെപ്പറയും പ്രകാരം ചെലവ് നടത്തിയിട്ടുണ്ട്.

| ക്രമ നം. | ബിൽ നമ്പർ | തുക |
|---|---|---|
| i | 11/19.02.2018 | 150000 |
| ii | 20/26.03.2018 | 20000 |
| iii | 21/26.03.2018 | 20000 |
| iv | 22/26.03.2018 | 55000 |
| v | 23/26.03.2018 | 4000 |
| vi | 30/26.03.2018 | 8160 |

| | |
|---|---|
| ആകെ | 257160രൂപ |

ചെറുന്നിയൂർ കാർഷിക കർമ്മസേന സംഘത്തിൽ നിന്ന് ഗ്രോബാഗുകൾ വാങ്ങുന്നതിനാണ് പ്രസ്തുത തുക ചെലവഴിച്ചത്.

ജി.ഒ(എം.എസ്) 80/2017 ത.സ്വ.ഭ.വ. തീയതി 03.04.2017-ാം നമ്പർ സബ്സിഡി മാർഗ രേഖ പ്രകാരം ഒരു കുടുംബത്തിന് പരമാവധി 25 ഗ്രോബാഗുകൾ മാത്രമേ നൽകാവൂയെന്നുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് 25ൽ കൂടുതൽ ഗ്രോബാഗ് നൽകിയിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ഗ്രോബാഗുകളുടെ എണ്ണം |
|---|---|---|
| 1 | ജലജ, കെ.ജെ.നിവാസ്,മാവിൻമൂട് | 32 |
| 2 | ശാരി, ശാരിക, മാവിൻമൂട് | 32 |
| 3 | സത്യശീലൻ, സരസ്, പാളയംകുന്ന് | 90 |
| 4 | മിനി.ആർ, അനിതാ മന്ദിരം, കോവൂർ | 32 |
| 5 | നിമിഷ, എസ്.എൻ.ലാന്റ്, പനയറ | 45 |
| 6 | സ്നേഹലത, ശ്രീകൃഷ്ണ വിലാസം, പനയറ | 50 |
| 7 | വൽസല, ശശിഭവൻ, പനയറ | 60 |
| 8 | ജെസ്സി.വി, ഉത്രാടം, തോക്കാട് | 50 |
| 9 | ഷീജ.റ്റി, വന്ദനം, മാവിൻമൂട് | 50 |
| 10 | ബീന.എസ്, ജെ.എസ്. നിവാസ്, വണ്ടിപ്പുര | 50 |
| 11 | സുജാത.എസ്, പുത്തൻബംഗ്ലാവ്, പാളയംകുന്ന് | 50 |
| 12 | മീര, മീരാഭവൻ, മുത്താന | 50 |
| 13 | ഹസീന, അമൽവില്ല, തറട്ട | 75 |
| 14 | ലത, മഠത്തിൽ വിളാകം, വേലൻകോണം | 100 |

| | | |
|---|---|---|
| 15 | മിനി, ശാരദാഗിരി, ചാവർകോട് | 45 |
| 16 | ലീന, ലക്ഷ്മിവിള, ചാവർകോട് | 50 |
| 17 | പ്രസന്ന കുമാരി, റോസ് ഹൗസ്, എസ്.വി.പുരം | 75 |

പ്രോജക്ട് തയ്യാറാക്കിയ കൃഷി ഓഫീസർ 10 മുതൽ 100 വരെ ഗ്രോബാഗുകൾ ഒരു വ്യക്തിക്ക് നല്കാമെന്ന് രേഖപ്പെടുത്തുകയും തെറ്റ് കണ്ടെത്തുന്നതിനകം ഗുണഭോക്തൃ വിഹിതം സ്വീകരിക്കുകയും ചെയ്തതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 56/16.02.2019ന്റെ മറുപടി). അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭ്യമാകുന്നതിന് ഇത് തടസ്സമായിട്ടുണ്ട്. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥനും മോണിറ്ററിംഗ് സമിതിയും വേണ്ടത്ര ശ്രദ്ധ പുലർത്താഞ്ഞതാണ് പ്രസ്തുത അപാകതയ്ക്ക് കാരണമായത്. ഉചിതമായ നടപടികൾക്കായി വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ - ഉപയോഗയോഗ്യമായ സാധനങ്ങൾ ലേലം ചെയ്യേണ്ടതാണ്

പ്രോജക്ട് നമ്പർ 233/18

തോക്കാട്ട് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിന് വേണ്ടി പഴയകെട്ടിടം പൊളിച്ചുമാറ്റുകയുണ്ടായി.

പ്രസ്തുത പ്രോജക്ടിൽ ഐറ്റം നം. 2, 'Dismantling tiled roofing with battens, boaring etc. complete including stacking of serviceable material and disposal of unserviceable material within 50 metres lead' എന്നതാണ്. ഇതിൽ ഉപയോഗയോഗ്യമായ സാധനങ്ങൾ നാളിതുവരെയും ലേലം ചെയ്തില്ല എന്ന മറുപടിയാണ് ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 57) ലഭ്യമാക്കിയത്. ആയത് കേരളാ ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 154 അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങളിലൂടെ ലേലം ചെയ്ത് തുക പഞ്ചായത്ത് തനത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 3-10 സ്പിൽ ഓവർ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല- സർക്കാർ ഉത്തരവ് പാലിക്കുന്നില്ല

സ്പിൽഓവർ പദ്ധതികൾ, സ്പിൽ ഓവർ ആയവർഷം തന്നെ പൂർത്തീകരിക്കണമെന്ന് 29-3-2017 ലെ സർക്കാർ ഉത്തരവ് നമ്പർ ജി. ഓ. (എം.എസ്.) നമ്പർ 72/2017 ത.സ്വ.ഭ.വ. നിഷ്കർഷിക്കുന്നു. എന്നാൽ പ്രസ്തുത ഉത്തരവിന് വിരുദ്ധമായി താഴെപ്പറയുന്ന സ്പിൽ ഓവർ പദ്ധതികൾ തൻവർഷം പൂർത്തികരിച്ചില്ല.

| ക്രമ നം. | പദ്ധതിയുടെ പേര് | പ്രോജക്ട് നമ്പർ | അടങ്കൽ |
|---|---|---|---|
| 1. | കണിയാംകുന്ന് പട്ടംവിള റോഡ് റീടാറിംഗ് | 12/18 | 4,35,507 |
| 2. | കാരൂർ റോഡ് കലുങ്ക് അപ്രോച്ച് പുനരുദ്ധാരണം | 29/18 | 2,05,896 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.54) മറുപടിയിൽ ആദ്യ പദ്ധതി 2018-19 വർഷം പൂർത്തീകരിച്ചതായും രണ്ടാം പദ്ധതി വസ്തുതർക്കം കാരണം ഉപേക്ഷിച്ചതായും വിശദീകരിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് പാലിച്ചുകൊണ്ട് സ്പിൽ ഓവർ പദ്ധതികൾ പൂർത്തികരിച്ചു എന്ന് ഉറപ്പുവരുത്തുവാൻ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 3-11 RKMUPS റോഡിൽ നിർമ്മിച്ച ഐറിഷ് ഡ്രെയിൻ പൊളിച്ചുമാറ്റിയ നിലയിൽ

പ്രോജക്ട് നമ്പർ - SO190/17

അടങ്കൽ തുക - 304200 (മെയിന്റനൻസ് ഫണ്ട്)

കരാറുകാരൻ - വിശ്വനാഥ കുറുപ്പ്(26.213% below)

എം - ബുക്ക് നമ്പർ - 139/16-17

ബിൽ നമ്പർ - 02/28.06.2017 തുക 224415

പ്രസ്തുത പ്രവൃത്തിയിൽ ചുവടെപ്പറയും പ്രകാരമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി ഐറിഷ് ഡ്രെയിൻ നിർമ്മിച്ചതായി എം-ബുക്കിൽ രേഖപ്പെടുത്തി തുക നൽകിയിട്ടുണ്ട്.

2-ാം ഇനം:-

Providing concrete for plain concrete in open foundation complete as per details

PCC M10 grade for bed (Left side 130 m, Right side 129 m, 10cm കനത്തിൽ) 28.47 m3 limited to 28m3 @ 6432.59 = 180112.52രൂപ

3-ാം ഇനം :-

Providing concrete for wearing coat PCC M20 grade (Left side 130m, Right side 129 m, 5cm കനത്തിൽ) 14.235 m3 limited to 14 m3 @ 8047.18 = 112660.52രൂപ

എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് 16.02.2019ന് നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത ഐറിഷ് ഡ്രെയിനിന്റെ ഇടത് വശം പൂർണമായും പൊളിച്ചുമാറ്റിയ നിലയിലാണ്. വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 58/16.02.2019) പഞ്ചായത്തിന്റെ സമ്മതമില്ലാതെ വാട്ടർ അതോറിറ്റി കുടിവെള്ള കണക്ഷനുവേണ്ടി പൊളിക്കുകയുണ്ടായി എന്നും റിസ്റ്റോറേഷൻ ചാർജ് ഈടാക്കുന്നതിനായി അടിയന്തിര നടപടി സ്വീകരിച്ച് വരികയാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്. മേൽ വിഷയത്തിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-12 തൊഴിൽ രഹിത വേതനം - രജിസ്റ്റർ പരിപാലിക്കുന്നതിലെ

## അപാകത

ഗ്രാമപഞ്ചായത്തിൽ നിന്നും 2017-18 വർഷം തൊഴിൽ രഹിത വേതനം അനുവദിച്ച നൽകിയ ഗുണഭോക്താക്കളുടെ ഫോറം നമ്പർ 6 പ്രകാരമുള്ള അക്വിറ്റൻസ് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ഗുണഭോക്താക്കളുടെ അർഹതയും മുൻകാലങ്ങളിൽ ലഭിച്ച ആനുകൂല്യത്തിന്റെ കാലയളവും പരിശോധിക്കാൻ സാധിച്ചിട്ടില്ല. 2017-18 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം തൊഴിൽ രഹിത വേതന ഇനത്തിൽ 87,720/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. 1998 ലെ കേരള തൊഴിൽ രഹിത വേതന ചട്ടങ്ങൾ [ജി.ഒ.(പി).23/98/തൊഴിൽ തീ.28.05.1998] ചട്ടം 10 പ്രകാരം തൊഴിൽ രഹിത വേതനത്തിന് അർഹരായ ഗുണഭോക്താക്കളുടെ രജിസ്റ്റർ നമ്പരിന്റെ ക്രമത്തിലുള്ള അക്വിറ്റൻസ് രജിസ്റ്റർ (ഫോറം നമ്പർ 6 പ്രകാരം ) ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ഓരോ തവണ വേതനം വിതരണം ചെയ്യുമ്പോഴും തുക കൈപ്പറ്റിയതായി രജിസ്റ്ററിൽ ഒപ്പിട്ടുവിച്ച് വാങ്ങേണ്ടതുമാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 35/13.02.2019 ന് ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തിലെ അക്വിറ്റൻസ് രജിസ്റ്റർ കാലഹരണപ്പെട്ടുപോയതിനാൽ 2018-19 മുതൽ പുതിയ അക്വിറ്റൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള രജിസ്റ്ററുകൾ കർശനമായും പരിപാലിച്ചുകൊണ്ട്, വേതന വിതരണം നടത്തേണ്ടതാണ്.

## 3-13 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - നിർവ്വഹണത്തിൽ പുരോഗതി കൈവരിക്കണം

2017-18 സാമ്പത്തിക വർഷം 119647 തൊഴിൽ ദിനങ്ങളാണ് ലേബർ ബജറ്റ് പ്രകാരം ലക്ഷ്യമിട്ടിരുന്നത്. എന്നാൽ തൻവർഷം ആകെ 49556 തൊഴിൽ ദിനങ്ങൾ മാത്രമാണ് അനുവദിച്ച് നൽകാനായത്. 1968 കുടംബങ്ങൾ തൊഴിൽ ആവശ്യപ്പെട്ടു. 100 തൊഴിൽ ദിനം പൂർത്തിയാക്കിയത് 28 കുടുംബങ്ങളാണ്. 47858800 രൂപയുള്ള പ്രവൃത്തികൾ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി അംഗീകാരം നേടിയെങ്കിലും തൻവർഷം ചെലവഴിച്ചത് 15301000 രൂപയാണ്.

സ്വകാര്യ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ കുളം നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ വസ്തു ഉടമ ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെടണം എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. തൻവർഷം കുളം നിർമ്മാണത്തിനായി 40 പ്രവൃത്തികൾ ഏറ്റെടുത്തു. ഇതിൽ ഭൂരിഭാഗവും കാർഷിക മേഖലയിലാണ്. എന്നാൽ കൃഷി ഓഫീസറുടെ മേൽനോട്ടമോ മാർഗ്ഗനിർദ്ദേശമോ കുളം നിർമ്മാണ പ്രവൃത്തികളിൽ തേടിയിട്ടില്ല.

## 3-14 അടങ്കൽ തുക പുനർനിർണയിച്ചു - നടപടിക്രമം പൂർണ്ണമായും പാലിച്ചില്ല

പ്രോജക്റ്റ് നമ്പർ - SOO55/18

പ്രോജക്റ്റിന്റെ പേര്- പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഹൈസ്കൂൾ
വിദ്യാർത്ഥികൾക്ക് സൈക്കിൾ

അടങ്കൽ - 621800

ചെലവ് - 621800

ബിൽ നമ്പർ - 53/18 തീയതി 07-03-2018

നിർവ്വഹണം - അസി.സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരായ 90 വിദ്യാർത്ഥികൾക്ക് സൈക്കിളൊന്നിന് 5000/- രൂപ കണക്കാക്കിയാണ് പ്രോജക്ട് തയ്യാറാക്കിയിരുന്നത്. എന്നാൽ 30-12-2017 ലെ I(4) നമ്പർ തീരുമാനപ്രകാരം ഭരണസമിതി ഗുണഭോക്താക്കളുടെ എണ്ണം കൂടുതലുള്ളതിനാൽ 95 എന്നത് 200 ആയും അടങ്കൽ തുക 621800 ആയും പുനർനിർണയിച്ചു. ഇപ്രകാരമൊരു നിർദ്ദേശം പദ്ധതിചെലവിന്റെ മേൽനോട്ടച്ചുമതലയുള്ള ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഈ പ്രോജക്ടിന്റെ മേൽനോട്ടം വഹിക്കുന്ന ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (22/12-02-19) ഇതിന്മേലുള്ള വിശദീകരണം ലഭ്യമാക്കിയില്ല. പ്രോജക്ടുകളിൽ ഭേദഗതി വരുത്തുന്നപക്ഷം പ്രോജക്ട് അംഗീകാരത്തിന്റെ എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് ഡി.പി.സിയുടെ അംഗീകാരം നേടിയ ശേഷം മാത്രം നിർവ്വഹണം നടത്തേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 3-15 പദ്ധതികളുടെ നിർവ്വഹണം- ചെലവ് തുകയും പിൻവലിച്ച തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

എ)പ്രോജക്ട് നമ്പർ - 7/18

പ്രോജക്ടിന്റെ പേര് - പദ്ധതി രൂപീകരണവും മോണിട്ടറിംഗും

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ തുക - 265802

ചെലവ് - 263942

| ക്രമ നം. | ബിൽ നമ്പർ | തുക |
|---|---|---|
| i | 06/15-07-2017 | 14200 |
| ii | 18/26-08-2017 | 24800 |
| iii | 16/26-08-2017 | 33218 |
| iv | 17/26-08-2017 | 70712 |
| v | 22/20-09-2017 | 20600 |

| | | |
|---|---|---|
| vi | 23/20-09-2017 | 9240 |
| vii | 30/18-11-2017 | 13860 |
| viii | 37/31-01-2018 | 15708 |
| ix | 44/16-02-2018 | 9392 |
| x | 49/15-03-2018 | 10518 |
| xi | 61/26-03-2018 | 27150 |
| xii | 64/28-03-2018 | 14544 |
| xiii | 08/15-07-2017 | 2507 |
| | ആകെ | 266449 |

മേൽ പദ്ധതിക്കായി സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 263942 രൂപയാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ബിൽ ബുക്ക് പ്രകാരം പദ്ധതിക്കായി 2507 രൂപ അധികം പിൻവലിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 62/16-02-2019) മറുപടി ലഭ്യമാക്കിയില്ല.

ബി) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ഗാർഹിക കുടിവെള്ള കണക്ഷൻ (പ്രോജക്ട് നമ്പർ 39)എന്ന പദ്ധതിക്ക് വേണ്ടി ചെലവ് പത്രിക പ്രകാരം 104000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ബിൽ ബുക്ക് പ്രകാരം പ്രസ്തുത പദ്ധതിക്ക് വേണ്ടി 108000 രൂപ പിൻവലിച്ചിട്ടുള്ളതായി കാണുന്നു. ബിൽ ബുക്ക് പ്രകാരം 17-11-2017 ൽ വിവിധ പദ്ധതികൾക്കായി 1219000/- രൂപ പിൻവലിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ പ്രോജക്ട് നമ്പർ 39 ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതിയ്ക്കായി 4000/- രൂപ അധികം പിൻവലിച്ചതായി കാണുന്നു. ചെലവ് സ്റ്റേറ്റ്മെന്റും ബിൽ ബുക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (38/13-02-2019) മറുപടി ലഭ്യമാക്കിയില്ല.

മേൽ പരാമർശിച്ച പൊരുത്തക്കേടിന് കൃത്യമായ വിശദീകരണം രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്.

## 3-16 അനുപൂരക പോഷകാഹാര പദ്ധതി- നിശ്ചിത അനുപാതത്തിൽ കേന്ദ്ര വിഹിതം ചെലവഴിക്കുന്നില്ല

കേന്ദ്ര സർക്കാർ നിർദ്ദേശാനുസരണം അനുപൂരക പോഷകാഹാര പദ്ധതിക്ക് 50% കേന്ദ്ര വിഹിതവും 50% സംസ്ഥാന വിഹിതവുമാണ് വകയിരുത്തി ചെലവഴിക്കേണ്ടത്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ തൻവർഷം നടപ്പിലാക്കിയ അനുപൂരക പോഷകാഹാര പദ്ധതി (പ്രോജക്ട് നമ്പർ 74/18)യിൽ പദ്ധതിവിഹതം 22,00,000 രൂപയും കേന്ദ്ര വിഹിതം 3,00,000 രൂപയും ആണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ കേന്ദ്ര വിഹിതം 226831 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം ഇനത്തിൽ 453565 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു.ഇതിൽ നിന്നും കേന്ദ്ര വിഹിതം നിശ്ചിത

അനുപാതത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്നതായി വ്യക്തമാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതെ കേന്ദ്ര വിഹിതം നിശ്ചിത അനുപാതത്തിൽ ചെലവഴിക്കാൻ വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-17 ആശുപത്രി വികസന സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഓരോ പഞ്ചായത്തും സർക്കാരിൽ നിന്നും കൈമാറ്റം ചെയ്ത കിട്ടിയ പൊതു ജന സ്ഥാപനത്തിന്റെ ശരിയായ പരിപാലനം, ആസൂത്രിത വികസനം, പ്രസ്തുത സ്ഥാപനം മുഖേന മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യൽ എന്നീ കാര്യങ്ങൾ നോക്കി നടത്തുന്നതിലേക്കായി ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പെട്ട പതിനഞ്ച് അംഗങ്ങളിൽ കവിയാത്ത ഒരു മാനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. നിശ്ചയിക്കപ്പെട്ട നിലവാരത്തിൽ കുറയാതെയുള്ള ഭൗതിക സാഹചര്യങ്ങളും സേവനങ്ങളും പൊതുജനാരോഗ്യ കേന്ദ്രത്തിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ ശുപാർശകൾ ചെയ്യേണ്ടതും സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ രോഗികളും പൊതുജനങ്ങളും നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കേണ്ടതും എച്ച്.എം.സി യുടെ ചുമതലയാണ്. എച്ച്.എം.സി യോഗങ്ങൾ മൂന്ന് മാസത്തിലൊരിക്കൽ നിർബന്ധമായും വിളിച്ച് ചേർക്കേണ്ടതാണ്. എന്നാൽ ചെമ്മരുതി ഗ്രാമപഞ്ചായത്തിലെ ആയുർവേദ, ഹോമിയോപ്പതി ഡിസ്പെൻസറികളിലെ പ്രവർത്തനം കാര്യക്ഷമമല്ല. എച്ച്.എം.സി യോഗങ്ങൾ കൃത്യമായി വിളിച്ച ചേർക്കുകയോ ആശുപത്രിയുടെ വികസനത്തിന് സഹായകമാകുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത എച്ച്.എം.സികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്ന തിനുള്ള നടപടികൾ ഭരണസമിതി കൈക്കൊള്ളേണ്ടതാണ്.

## 3-18 കാലഹരണപ്പെട്ട മരുന്നുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തു

പ്രോജക്ട് നമ്പർ - 127

പ്രോജക്ടിന്റെ പേര് - ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 650000(മെയിന്റ.ഗ്രാന്റ്-റോഡിതരം)

ചെലവ് - 650000

ബിൽ - 01/25-08-2017

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (ആയുർവേദം)

പ്രോജക്ട് ഫയലിനൊപ്പം സൂക്ഷിച്ചിട്ടുള്ള ഔഷധിയുടെ ബില്ലുകൾ പ്രകാരം ചുവടെപ്പറയുന്ന മരുന്നുകൾ കാലഹരണപ്പെട്ടവയാണ്. പ്രസ്തുത മരുന്നുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടുമുണ്ട്.

| ക്രമ നം. | മരുന്നിന്റെ പേര് | അളവ് (എണ്ണം) | നിരക്ക് | വില | എക്സ്പയറി ഡേറ്റ് | ബിൽ /തീയതി |
|---|---|---|---|---|---|---|
| 1 | പഞ്ചകോല ചൂർണ്ണം 500 gm (ബാച്ച് നം.C44-1) | 5 | 245 | 1225 | 08.2017 | 30.09.2017 |
| 2 | പഞ്ചകോലാദി ചൂർണ്ണം 50 gm (ബാച്ച് C73-10) | 20 | 25 | 500 | 06.2017 | |
| ആകെ | | | | 1725 | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 17/11-02-2019) ഔഷധി ഫാർമസ്യൂട്ടിക്കൽസിൽ നിന്നും കിട്ടിയ കത്തുകൾ പ്രകാരം മേൽ പരാമർശിച്ചിരിക്കുന്ന മരുന്നുകളുടെ ഉല്പാദന തീയതി സാങ്കേതിക പിഴവ് മൂലം തെറ്റായി ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്നതാണെന്ന് മറുപടി നൽകി. ഈ മരുന്നുകൾ 2016 വർഷം നിർമ്മിച്ചിട്ടുള്ളവയാണെന്ന് പായ്ക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നുവെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത മറുപടി പരിഗണനാർഹമല്ല. വരും വർഷങ്ങളിൽ മരുന്ന് വിതരണ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ സൂക്ഷ്മത പുലർത്താൻ നിർവ്വഹണോദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതാണ്. മേൽ നോട്ട ചുമതലയുള്ള ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 3-19 സാന്ത്വന ചികിത്സ- സർക്കാർ നിർദ്ദേശം പാലിച്ചില്ല

പ്രോജക്ട് നമ്പർ - 02/17-18

പ്രോജക്ടിന്റെ പേര് - സാന്ത്വന ചികിത്സ

അടങ്കൽ - 550000

ചെലവ് വിശദാംശം :-

| ക്രമ നം. | ബിൽ നമ്പർ | തുക |
|---|---|---|
| i | 01/10-08-2017 | 64400 |
| ii | 02/07-10-2017 | 208990 |
| iii | 05/07-10-2017 | 42400 |
| iv | 06/15-11-2017 | 37800 |
| v | 07/25-11-2017 | 22184 |
| vi | 11/16-01-2018 | 20355 |
| vii | 12/17-01-2018 | 20330 |
| viii | 18/20-02-2018 | 20474 |
| ix | 20/20-02-2018 | 50000 |
| x | 23/21-02-2018 | 27652 |
| xi | 26/26-03-2018 | 15359 |
| ആകെ | | 529944 |

പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായുള്ള വാഹന വാടകയിനത്തിൽ 2017-18-ൽ വിവിധ ബില്ലുകൾ പ്രകാരം 69600 രൂപ ചെലവഴിച്ചിട്ടുണ്ട് . വാഹനം വാടകയ്ക്ക് എടുത്തതിന്റെ ക്വട്ടേഷൻ ഫയലിൽ ലഭ്യമല്ല. ശ്രീ. സന്തോഷ് കുമാർ എന്നയാളുടെ KL16D5666 നമ്പർ വാഹനവും ശ്രീ.അനിൽകുമാർ എന്നയാളുടെ ഉടസ്ഥതയിലുള്ള KL 23 D 1699 നമ്പർ വാഹനവും ആണ് സ്ഥിരമായി വാടകയ്ക്ക് എടുത്തിരിക്കുന്നത്. 29.10.15-ലെ സ.ഉ.(സാധാ.) നം.3217/2015/ത.സ്വ.ഭ.വ. ഉത്തരവിൽ പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ പാലിക്കേണ്ടതായ വ്യവസ്ഥകൾ പരാമർശിച്ചിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിച്ച്, ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യുന്ന വാഹനമായിരിക്കണം വാടകയ്ക്ക് എടുക്കേണ്ടതെന്നും ക്വട്ടേഷൻ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി അംഗീകരിക്കേണ്ടതാണെന്നും ഒരിയ്ക്കൽ ക്ഷണിച്ച ക്വട്ടേഷന്റെ കാലാവധി 6 മാസമായിരിക്കുമെന്നും കാലാവധി അവസാനിക്കുംമുമ്പ് പുതിയ ക്വട്ടേഷൻ ക്ഷണിച്ച് പി.എം.സി അംഗീകാരം വാങ്ങിയിരിക്കേണ്ടതുമാണെന്നും പ്രസ്തുത മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (48/15-02-2019) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായും

പാലിച്ചുകൊണ്ട് പ്രോജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-20 കുടിവെള്ള പമ്പ് സെറ്റ് സ്ഥാപിക്കൽ- രേഖകൾ ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നമ്പർ - 168

പ്രോജക്റ്റിന്റെ പേര് - നടയറ പി.എച്ച്.സി സബ് സെന്ററിൽ കുടിവെള്ള പമ്പ് സെറ്റ് സ്ഥാപിക്കൽ

നിർവ്വഹണം - മെഡിക്കൽ ഓഫീസർ പി.എച്ച്.സി

അടങ്കൽ - 25000 (തനത് ഫണ്ട്)

ചെലവ് - 25000

ചെക്ക് നമ്പർ - 1882848/26-03-2018 (ട്രഷറി റ്റി.എസ്.ബി)

മേൽ പ്രോജക്റ്റിലേക്കായി ക്ഷണിച്ച ക്വട്ടേഷൻ, ലഭിച്ച ക്വട്ടേഷനുകൾ, കംപാരറ്റീവ് സ്റ്റേറ്റ്മെന്റ്, സാധനം സപ്ലൈ ചെയ്ത സ്ഥാപനത്തിന്റെ വിശദാംശം, കൈപ്പറ്റ് രസീത്, ചെക്കിന്റെ പകർപ്പ്, സ്റ്റോക്കിലെടുത്തതിന്റെ വിശദാംശം, സ്ഥാപനവുമായി ചമച്ച കരാർ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇവ അടിയന്തിരമായി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (50/16-02-2019) മറുപടി ലഭ്യമാക്കിയില്ല. ഇക്കാരണത്താൽ ഇതിലേക്കായി ചെലവഴിച്ച 25000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-21 തുല്യതാ പരീക്ഷയ്ക്ക് ഫീസ് ഒടുക്കൽ- അനുബന്ധ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല

എ)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 142/18 (വികസന ഫണ്ട്-ജനറൽ) |
| പ്രോജക്റ്റിന്റെ പേര് | പത്താം തരം തുല്യതാ പരീക്ഷയ്ക്ക് ഫീസ് ഒടുക്കൽ |
| അടങ്കൽ | 14000 |
| ചെലവ് | 12150 |
| ബിൽ നമ്പർ | 15/14-03-2018 |

ബി)

| | |
|---|---|
| പ്രോജക്ട് നമ്പർ | 214/18(വികസന ഫണ്ട്-ജനറൽ) |
| പ്രോജക്ടിന്റെ പേര് | പ്ലസ് ഒൺ, പ്ലസ് ടു തുല്യതാ പരീക്ഷയ്ക്ക് ഫീസ് ഒടുക്കൽ |
| അടങ്കൽ | 11250 |
| ചെലവ് | 11250 |
| ബിൽ നമ്പർ | 19/23-03-2018 |

പ്രോജക്ട് നമ്പർ 142 പ്രകാരം 14 പേർക്ക് പത്താം തരം തുല്യതാ പരീക്ഷയ്ക്കും പ്രോജക്ട് നമ്പർ 214 പ്രകാരം 4 പേർക്ക് ഹയർ സെക്കണ്ടറി തുല്യതാ പരീക്ഷയ്ക്കും തുക കേരള സ്റ്റേറ്റ് ലിറ്ററസി മിഷനിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ അപക്ഷകരുടെ ഹാൾ ടിക്കറ്റോ മറ്റ് രേഖകളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ മോണിട്ടറിംഗ് റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ മേൽ പ്രോജക്ടുകൾ ലക്ഷ്യം കൈവരിച്ചോയെന്ന് ഓഡിറ്റിൽ വിലയിരുത്താനായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 42/14-02-2019) ഹാൾ ടിക്കറ്റ്, പരീക്ഷാ ഫലം എന്നിവ ജില്ലാ സാക്ഷരതാ മിഷനിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നും മറുപടി നൽകി. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 3-22 സ്കൂളുകളിൽ മിനി ലൈബ്രറി- കരാർ ചമച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 153 |
| പ്രോജക്ടിന്റെ പേര് | സ്കൂളുകളിൽ മിനി ലൈബ്രറി |
| അടങ്കൽ | 200000 |
| ചെലവ് | 198475 |
| ബിൽ നമ്പർ | 21/23-03-2018<br>22/23-03-2018<br>24/24-03-2018 |

ഗ്രാമപഞ്ചായത്തിലെ എൽ.പി.സ്കൂളുകളിൽ ലൈബ്രറികൾ സജ്ജീകരിക്കുന്നതിലേക്കായാണ് പ്രസ്തുത പ്രോജക്ട് ആവിഷ്കരിച്ചത്. ഇതു പ്രകാരം 1,00,000 രൂപയുടെ പുസ്തകങ്ങൾ കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, ബുക്ക് മാർക്ക് എന്നിവയിൽ നിന്നും വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. ബിൽ നമ്പർ 24 പ്രകാരം 98475 രൂപയുടെ സ്റ്റീൽ അലമാരകൾ ആർട്ട്കോയിൽ നിന്നും ലൈബ്രറിയിലേക്കായി വാങ്ങിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനവുമായി നിർവ്വഹണോദ്യോഗസ്ഥ നിയമാനുസൃത കരാർ ചമച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 42/14-02-2019) അറിവില്ലായ്മ കൊണ്ടാണ് ഇപ്രകാരം സംഭവിച്ചതെന്ന് മറുപടി നൽകി. വരും വർഷങ്ങളിൽ പ്രോക്വയർമെന്റ് മാന്വലിലെയും സ്റ്റോർ പർച്ചേസ് മാന്വലിലെയും വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചുകൊണ്ട്

വാങ്ങൽ നടപടികൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 66250 | മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 66250 | 0 |
| | 2017-18 | 276250 | സമഗ്ര നെൽകൃഷി വികസനം | 276250 | 0 |
| | 2017-18 | 20400 | സമഗ്ര പച്ചക്കറി വികസനം | 20400 | 0 |
| | 2017-18 | 500000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 497632 | 2368 |
| | 2017-18 | 112500 | ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 60900 | 51600 |
| ജില്ല പഞ്ചായത്ത് | 2017-18 | 66250 | മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 66250 | 0 |
| | 2017-18 | 20400 | സമഗ്ര പച്ചക്കറി വികസനം | 20400 | 0 |
| | 2017-18 | 500000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 0 | 500000 |
| | 2017-18 | 42950 | സമഗ്ര നെൽകൃഷി | 42950 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ഏജൻസിയിൽ ബാക്കിനിൽക്കുന്ന |
|---|---|---|---|---|---|

| | | | തുക | | തുക |
|---|---|---|---|---|---|
| i | കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 1600000 | 503145 | 1096855 |
| ii | കേരള വാട്ടർ അതോറിറ്റി | 18-ാം വാർഡിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 301273 | 301273 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| iii | കേരള വാട്ടർ അതോറിറ്റി | കൃഷി ഭവനിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 31058 | 31058 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| iv | ജില്ലാ പഞ്ചായത്ത് | ജലശ്രീ പദ്ധതിക്ക് വിഹിതം നൽകൽ | 100000 | 100000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |

കേരളവാട്ടർ അതോറിറ്റി, ജില്ലാപഞ്ചായത്ത് എന്നീ ഏജൻസിയിൽ ബാക്കി നിൽക്കുന്ന തുക 1529186/- രൂപയാണ്. ഈതുകയും ബാലൻസ് ഷീറ്റ് B18 ഷെഡ്യൂളിൽ ബാക്കി നിൽക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. B18ഷെഡ്യൂളിൽ വാട്ടർ അതോറിറ്റിയിൽ ബാക്കി നിൽക്കുന്ന തുക 1901273/- രൂപയാണ്. ജില്ലാപഞ്ചായത്ത് ബാക്കി നിൽക്കുന്ന തുക രേഖപ്പെടുത്തിയിട്ടില്ല.

പ്രവൃത്തികൾക്കായി നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-1 | 2016-17 | | ഓഡിറ്റോറിയത്തിന്റെ സ്ഥാപന തൊഴിൽ നികുതി അടയ്ക്കാത്തത് | 21.12.2018 ന് 118230104200 നമ്പർ രസീത് പ്രകാരം തുക അടവാക്കി |

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 89429885 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 91135270 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 133000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-2 | 68000 | ഡോ. അൻവർ അബ്ബാസ്, മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. |
| 3-2 | 40000 | ഡോ. ഷീജാ രാജൻ, മെഡിക്കൽ ഓഫീസർ - ഹോമിയോ |
| 3-20 | 25000 | ഡോ. അൻവർ അബ്ബാസ്, മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. |
| ആകെ | 133000 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സപ്പെടുത്തിയതിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. അൻവർ അബ്ബാസ്, മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. | - | അറഫ, തോന്നയ്ക്കൽ.പി.ഒ. മംഗലാപുരം |
| ഡോ. ഷീജാ രാജൻ, മെഡിക്കൽ ഓഫീസർ - ഹോമിയോ | - | ടി.കെ.എസ്. മന്ദിരം, കുന്നത്തൂർ, ചിറയിൻകീഴ്.പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | | |
|---|---|---|
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി. 09/25/2003 തീയതി 02.07.2014 | 1 |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.09/954/2004 തീയതി 02.07.2014 | 8 |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി. 09/592/2007 തീയതി 02.07.2014 | 4 |

| | | |
|---|---|---|
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി. 09/369/08 തീയതി 02.07.2014 | 9 |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി. 07/370/08 തീയതി 02.07.2014 | 6 |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി. 07/1443/09 തീയതി 02.07.2014 | 17 |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി. 07/1940/09 തീയതി 09.12.2014 | 1 |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി. 07/2458/11 തീയതി 11.09.2014 | 5 |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി. 07/2559/11 തീയതി 30.10.2014 | 12 |
| 2010-11<br>2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി. 07/1350/13 തീയതി 09.10.2014 | 3 |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി. 07/855/14 തീയതി 02.07.2014 | |
| 2013-14 | എൽ.എഫ്.റ്റി.ഡി.ജി.പി. 07/688/15 തീയതി 08.07.2015 | |
| 2014-15 | എൽ.എഫ്.റ്റി.ഡി.ജി.പി. 07/1369/2016 തീയതി 18.01.2016 | |
| 2015-16 | എൽ.എഫ്.റ്റി.ഡി.ജി.പി. 07/2074/2016 തീയതി | 9 |
| 2016-17 | എൽ.എഫ്.റ്റി.ഡി.ജി.പി. 07/1840/2017തീയതി 11.09.2017 | 12 |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാനഓഡിറ്റ് വകുപ്പ്

## അനുബന്ധം - 1
## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ ചെമ്മരുതി ഗ്രാമ പഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.